# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 12, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**

**<u>ഡിജിറ്റൽ സയൻസ് പാർക്ക്</u>**

*151 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വ്യവസായങ്ങൾക്ക് പിന്തുണ ലഭ്യമാക്കി അത്തരം വ്യവസായങ്ങളുടെ വിപുലീകരണത്തിനായി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) അനുബന്ധമേഖലകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവര സാങ്കേതികവിദ്യാ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന നയം പ്രാവർത്തികമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മെട്രോ റെയിൽ പദ്ധതി</u>**

*152 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടമായ ഇൻഫോപാർക്കിലേക്കുള്ള പാതയ്ക്ക് അനുമതി നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തിയതും അംഗീകൃത എസ്റ്റിമേറ്റ് തുക വെട്ടിക്കുറച്ചതും പദ്ധതിയെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ മെട്രോ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ ഉയർന്ന തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് കാരണം വളരെ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുമായിരുന്ന വായ്പ നൽകുന്നതിൽ നിന്ന് ഫ്രഞ്ച് വികസന ബാങ്ക് പിന്മാറിയത് പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ?

## <u>ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

*153 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനകരമാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപ്പിലാക്കിയ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്തുകൾ എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിൽ എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>സിൽവർ ലൈൻ പദ്ധതി</u>

*154 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ എന്ന വിഷയം ഭരണഘടനയുടെ ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റിൽ

ഉൾപ്പെട്ടിരിക്കുന്നതിനാൽ റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്നത് വസ്തുതയാണോ;

(ബി) സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന് മുൻപ് പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണമാണ് എന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. അംഗീകരിക്കുന്നതിന് മുൻപ് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോയത് കാരണം സംസ്ഥാന ഖജനാവിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>

*155 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്ത്രീ പീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ക്രൈം പ്രിവെൻഷൻ എഗെയിൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കെ-ഫോൺ പദ്ധതി</u>

*156 **ശ്രീ സജി ചെറിയാൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഗുണമേന്മയുള്ള ഇന്റർനെറ്റ് ലഭ്യത

സാർവത്രികമാക്കുന്നതിനുദ്ദേശിച്ചുള്ള കെ-ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) സുശക്തമായ ഡിജിറ്റൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഡിജിറ്റൽ വിടവില്ലാതെ ഡിജിറ്റൽ സമ്പദ്ഘടന രൂപപ്പെടുത്തുന്നതിന് കെ-ഫോൺ പദ്ധതിയുടെ പ്രാധാന്യം അറിയിക്കാമോ?

**<u>മയക്കുമരുന്ന് കുറ്റകൃത്യത്തിൽ പിടിക്കപ്പെടുന്നവരുടെ കരുതൽ തടങ്കൽ</u>**

*157 **ശ്രീ എം മുകേഷ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ലഹരി വില്പനയെ എതിർത്തതിന്റെ പേരിൽ ഉണ്ടായ ഇരട്ട കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ ലഹരി വില്പനക്കാരുടെയും ലഹരി കടത്തുകാരുടെയും പ്രവർത്തനങ്ങൾ കർശനമായി തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മയക്കമരുന്നെത്തിക്കുന്ന കുറ്റവാളികൾക്കെതിരെ സ്വത്ത് കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നടപടിക്ക് നിർദേശം നൽകിയിട്ടുണ്ടോ;

(സി) മയക്കുമരുന്ന് കുറ്റകൃത്യത്തിൽ ആവർത്തിച്ച് പിടിക്കപ്പെടുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സിറ്റിസൺസ് പോർട്ടൽ</u>**

*158 **ശ്രീ. പി.വി.അൻവർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നില്ലെന്നുറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സിറ്റിസൺസ് പോർട്ടലിലൂടെ അപേക്ഷ സ്വീകരിക്കുന്ന പദ്ധതിയുടെ സ്വീകാര്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച അപേക്ഷകളെത്രയെന്നും അതിലെത്രയെണ്ണം തീർപ്പാക്കിയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) നഗരസഭകളുടെ സേവനങ്ങൾ ഓൺലൈൻ സംവിധാനം മുഖേന നൽകുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്താൻ നടപടി</u>**

*159 **ശ്രീ ഒ . ആർ. കേളു**

**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം സൃഷ്ടിക്കുന്നതിനും ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) റേഷൻ കാർഡ് ആധാർ കാർഡുമായി ബന്ധിപ്പിച്ചതിലൂടെ മുൻഗണനാ കാർഡ് ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെയടിസ്ഥാനത്തിൽ മുൻഗണനാ കാർഡിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ കാർഡ് സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എത്ര മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടി</u>

*160 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടികൾ എടുത്തിട്ടും 2022 സെപ്റ്റംബർ മാസത്തിൽ രണ്ട് കുഞ്ഞുങ്ങൾ മരണമടഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ കാരണങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## <u>നല്ല ഭക്ഷണം നാടിന്റെ അവകാശം ക്യാമ്പയിൻ</u>

*161 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിഷബാധ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തിയിരുന്നോ; നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നോ;

(ബി) ഹോട്ടലുകളും ബേക്കറികളും പഴച്ചാർ വിൽക്കുന്ന കടകളും ഉൾപ്പെടെ ഭക്ഷ്യ സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം നടപടിയെടുത്തിരുന്നോ;

(ഡി) പ്രവർത്തന മികവിന്റെ ഫലമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

## ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ നടപടി

*162 **ശ്രീമതി കെ.കെ.രമ**
**ശ്രീ സി ആർ മഹേഷ്**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികളെ മറയാക്കി ലഹരി മാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) തലശ്ശേരിയിൽ രണ്ട് പേരെ കൊലപ്പെടുത്തിയ കേസിലെ ലഹരി മാഫിയ സംഘത്തിലെ പ്രധാന പ്രതി ലഹരി വിരുദ്ധ ക്യാമ്പയിനിൽ അടക്കം പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ലഹരി മാഫിയ രാഷ്ട്രീയ പാർട്ടികളെ മറയാക്കി നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനം തടയാൻ കൈകൊണ്ട നടപടികൾ വിശദമാക്കാമോ?

## സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം തടയാൻ നടപടി

*163 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം സമൂഹത്തിന് ഭീഷണിയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കുന്ന റോഹിപ്നോൾ പോലുള്ള മരുന്നുകളെ മദ്യത്തിൽ കലർത്തി ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതായി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കാമോ;

(ഡി) ബാറുകൾക്ക് വ്യാപകമായി ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂടുന്നതിനും അതുവഴി മദ്യം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>ലൈറ്റ് മെട്രോ പദ്ധതികൾക്ക് അംഗീകാരം</u>

*164 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ സമഗ്ര ഗതാഗത പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത മെട്രോ പദ്ധതികൾ പ്രാവർത്തികമാകുന്നതോടെ പൊതുഗതാഗത രംഗത്തും പൊതു വികസന മേഖലയിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## <u>അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ</u>

*165 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിനിന്റെ ഭാഗമായി വീടുകളിലെത്തി രോഗ സാധ്യതാ നിർണ്ണയം നടത്തിയിരുന്നോ; സർവേയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ അറിയിക്കാമോ;

(ബി) ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പ്രമേഹത്തിന്റെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഏറെ വ്യാപകമായിട്ടുള്ള രക്താതിമർദം മറ്റ് രോഗാവസ്ഥകളിലേക്ക് കടക്കാതെ നിയന്ത്രിക്കുന്നതിന് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ;

(ഡി) ജീവിത ശൈലിയിൽ വരുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>കേന്ദ്ര സർക്കാർ പ്രളയബാധിതർക്ക് നൽകിയ സൗജന്യ അരിയുടെ വില</u>

*166 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയബാധിതർക്ക് സംസ്ഥാന സർക്കാർ മുഖേന സൗജന്യമായി നൽകിയ അരിയുടെ വില അടിയന്തരമായി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ദുരന്തകാലത്ത് സഹായിക്കുന്നതിലും വികസന പദ്ധതികൾ അനുവദിക്കുന്നതിലും കേന്ദ്ര സർക്കാർ വിവേചനം പുലർത്തുന്നതായുള്ള ആശങ്കകൾക്ക് അടിസ്ഥാനമുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വിവിധ വികസന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരണം</u>

*167 **ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് തുടർനടപടിയ്ക്കായി കൈമാറാതെ ആഭ്യന്തര വകുപ്പ് തടഞ്ഞുവെച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫയലുകൾ കൈമാറാത്തത് വിജിലൻസ് ബ്യൂറോയുടെ ദൗത്യനിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശയിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി</u>

*168 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുപ്പത്തി അഞ്ച് ശതമാനത്തിലേറെ പേർക്ക് ജീവിതശൈലീ രോഗമായ പ്രമേഹം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രമേഹം തുടക്കത്തിലെ കണ്ടെത്തുന്നതിനും പ്രമേഹത്തെ തുടർന്നുണ്ടാകുന്ന സങ്കീർണ്ണ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഏതെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഡയബറ്റിക് ചികിത്സാ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഇ-ഗവേണൻസ് സമ്പ്രദായം**

*169 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നിർവഹണം കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൗരകേന്ദ്രീകൃതമായ ഇ-ഗവേണൻസ് സംവിധാനത്തിന് രാജ്യത്തെ ഏറ്റവും മികച്ച ഇ-സേവന ദാതാവിനുള്ള പുരസ്കാരം ലഭിച്ചിരുന്നോ;

(സി) കെ-ഫോൺ സജ്ജമാക്കിയത് വഴി പൗരകേന്ദ്രീകൃത ഇ-സേവന രീതി കൂടുതൽ ശാക്തീകരിക്കാനാകുമെന്ന് കരുതുന്നുണ്ടോ; പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കളെ നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**സംസ്ഥാനത്തിന് ആവശ്യമുള്ള റേഷൻ മണ്ണെണ്ണ വിഹിതം**

*170 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഉൾപ്പെടെയുള്ള സംസ്ഥാന റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ വലിയ തോതിലുള്ള കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ റേഷൻ വിഹിതത്തിൽ വരുത്തുന്ന കുറവ് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വിലവർദ്ധനവും മത്സ്യബന്ധന, കാർഷിക മേഖലകളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ അളവിലുള്ള റേഷൻ മണ്ണെണ്ണ വിഹിതം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി**

*171 **ശ്രീ. എ. രാജ**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 ശതമാനത്തിലേറെ പേർ പ്രമേഹ രോഗികളാണെന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെയും ഐ.സി.എം.ആർ.-ന്റെയും പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രമേഹ രോഗമുൾപ്പെടെ ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ;

(ഡി) പ്രസ്തുത രോഗങ്ങൾക്കുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിൽ നൽകി വരുന്നത് നിലവിലെ ആവശ്യങ്ങൾക്കനുസരിച്ച് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## <u>സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ പണമിടപാട്</u>

*172 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സേവനങ്ങൾക്ക് പണം അടയ്ക്കേണ്ടി വരുമ്പോൾ ഓൺലൈൻ സംവിധാനം വഴി പണമിടപാട് നടത്തണമെന്ന് വിജിലൻസ് വകുപ്പ് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൂടുതൽ മേഖലകളിൽ ഇത്തരത്തിലുള്ള ഓൺലൈൻ പണമിടപാട് നടത്തണമെന്ന നിർദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) മോട്ടോർ വാഹന വകുപ്പിൽ ചില ഓൺലൈൻ സേവനങ്ങളിൽ അഴിമതി തുടരുന്നതായുള്ള ആക്ഷേപം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>അമൃത് പദ്ധതി</u>

*173 **ശ്രീ വി ജോയി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവായിരത്തി അറുനൂറ് കോടി രൂപയുടെ അമൃത് രണ്ടാം ഘട്ട പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് മുൻഗണന

നൽകാനുദ്ദേശിക്കുന്നത്; സാർവത്രിക ശുദ്ധജല ലഭ്യതയും ദ്രവമാലിന്യ സംസ്കരണവും ലക്ഷ്യമിടുന്നുണ്ടോ; ഇതുവരെ എത്ര പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അമൃത് ഒന്നാംഘട്ടം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

## പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ നടപടി

*174 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ എന്നിവയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പാചക വാതകത്തിന്റെയും പെട്രോൾ പമ്പുകളിലെയും അളവുകൾ പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*175 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്താനും കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തനം കാര്യക്ഷമമാക്കാനും ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ

*176 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഇപ്പോൾ ഏതൊക്കെ ആശുപത്രികളിലാണ് ഉള്ളത്; മറ്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ശസ്ത്രക്രിയയ്ക്കായി പ്രത്യേക ട്രാൻസ്പ്ലാന്റ് ടീമിനെ നിയോഗിച്ചിട്ടുണ്ടോയെന്നും അവർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോയെന്നും മറ്റെന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ സാധാരണക്കാരായ രോഗികൾക്കും ചികിത്സാ രംഗത്തും ആരോഗ്യ മേഖലയിലും എന്തെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

**<u>കോവളം-ബേക്കൽ ജലപാത</u>**

*177 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന കോവളം-ബേക്കൽ ജലപാതയുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ജലപാത നിർമ്മാണത്തിലെ തടസ്സങ്ങൾ എന്തെല്ലാമാണ്; അവ തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഇ-ഹെൽത്ത് സംവിധാനം</u>**

*178 **ശ്രീ. എം. എം. മണി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ രോഗീ സൗഹൃദ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഇ-ഹെൽത്ത് സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയ്മെന്റ്, കൺസൾട്ടേഷൻ,

പ്രിസ്ക്രിപ്ഷൻ, ലാബ്പരിശോധന തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; മറ്റെന്തെല്ലാം സേവനങ്ങൾ പ്രസ്തുത സംവിധാനം വഴി ലഭ്യമാകും; വിശദാംശം നൽകാമോ?

## സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി

*179 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പണമിടപാടുകളും കടമെടുപ്പുകളും ഇൻഷുറൻസുകളും ധന മാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷ ഒരുക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ കർശനമായി നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) അനധികൃത നിക്ഷേപ പദ്ധതികൾ നിരോധിക്കുന്നതിനും നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം കടന്നുകളയുന്നവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനും സംസ്ഥാനത്ത് ചട്ടങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## നഗരങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾ

*180 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക ശാസ്ത്ര, സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നഗരങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ മാലിന്യ സംസ്കരണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ വികസനം, പരമ്പരാഗത മാലിന്യ സംസ്കരണം , സംസ്കരിക്കാനാകാത്ത ഖരമാലിന്യങ്ങളുടെ പരിപാലനം, മാലിന്യത്തിൽ നിന്നും മൂല്യ

വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 2022 ഡിസംബർ 3, ശനി |
| സെക്രട്ടേറിയറ്റ് | എ എം ബഷീർ , |
| തിരുവനന്തപുരം, | സെക്രട്ടറി |

---

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].